*Private circulation only*

IRTC News Letter

ഐ.ആർ.ടി.സി ന്യൂസ് ലെറ്റർ

*Science for social revolution*

2018 ജനുവരി - മാർച്ച് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ www.irtc.org.in mail@irtc.org.in

# അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലന പരിപാടി സമാപിച്ചു



അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലനം

ഐ.ആർ.ടി.സി യുടെ നേതൃത്വത്തിൽ സാമൂഹ്യനീതി വകുപ്പിനുവേണ്ടി തയ്യാറാക്കിയ പദ്ധതി പ്രകാരം അങ്കണവാടി റിസോഴ്സ് അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി സമാപിച്ചു. 2017 ഒക്ടോബറിൽ ആരംഭിച്ച പരിശീലന പരിപാടിയിൽ കേരളത്തിലെ 258 ഐ.സി.ഡി.എസ് ബ്ലോക്കുകളിൽ നിന്ന് തെരെഞ്ഞെടുത്ത റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കാണ് പരിശീലനം നൽകിയത്. ഇതിന്റെ ഭാഗമായി 3 ഘട്ടങ്ങളിലായി 800 പേർക്ക് 15 ദിവസം പരിശീലനം നൽകി. ഇത് കൂടാതെ 60 പേർ അടങ്ങുന്ന സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിനും 15 ദിവസത്തെ പരിശീലനം മൂന്ന് ഘട്ടങ്ങളിലായി നൽകി.

2  സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കൽ ഉദ്ഘാടനം

6  കേരള ശാസ്ത്ര കോൺഗ്രസ്

3  ബി.ഡി.ഒ മാരുടെ പഠന സന്ദർശനം

7  അഖിലേന്ത്യാ പീപ്പിൾ സയൻസ് കോൺഗ്രസ്സ്

4  അട്ടപ്പാടി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് മത്സര പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനുള്ള പരിശീലനം

8  മാലിന്യ പരിപാലന പ്രവർത്തന മികവിനുള്ള ഏഷ്യാ-പസഫിക് അവാർഡ് ഐ.ആർ.ടി.സി.യ്ക്ക്

5  ജൈവ കീടനാശിനി നിർമ്മാണം

*സുഹൃത്തുക്കളെ,*

*സാമ്പത്തിക വർഷത്തിന്റെ അവസാനപാദം ഏറെ തിരക്കുള്ളതായിരുന്നു. സമയ ബന്ധിതമായി പൂർത്തിയാക്കിയ റിപ്പോർട്ട് സമർപ്പിക്കേണ്ട ഒന്നി ലധികം പദ്ധതികൾ ഉണ്ടായിരുന്നു. സംഘാടനത്തിലും ഏകോപനത്തിലും ഏറെ വെല്ലുവിളികൾ ഉണ്ടായിരുന്ന അങ്കണവാടി പരിശീലനം നിശ്ചിത സമയത്ത് തന്നെ പൂർത്തിയാക്കാൻ കഴിഞ്ഞു. പരിശീലനം ഏറെ ഫലപ്രദവും സഘാടനം ചെയ്യപ്പെട്ടതും ആയിരുന്നു എന്നാണ് സാമൂഹ്യനീതി വകുപ്പിന്റെ വിലയിരുത്തൽ. പരിശീലനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത റിസോഴ്സ് പേഴ്സൺസിന്റെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങൾ, പ്രത്യേകമായ അഭിനന്ദനം അർഹിക്കുന്നു. പരിശീലനത്തിന് എത്തിയവരുടെ സഹകരണവും സാമുഹ്യനീതി വകുപ്പിന്റെ പിന്തുണയും എടുത്തുപറയെണ്ടതുണ്ട് ഐ.ആർ.ടി.സി പ്രവർത്തകർ ഒന്നടങ്കം കൈമെയ് മറന്ന് കൂട്ടായി പ്രവർത്തിച്ചാണ് ഇത് വിജയിപ്പിച്ചത്. എല്ലാവർക്കും അഭിനന്ദനങ്ങൾ.*

*വിവിധ ഏജൻസികൾക്ക് ധനസഹായത്തിനായി സമർപ്പിച്ചരുന്ന ചെറുതും വലുതുമായ ഏതാനും പദ്ധതികൾക്ക് ഈ കാലയളവിൽ അംഗീകാരം ലഭിച്ചു. തലശ്ശേരിയിൽ നടന്ന സംസ്ഥാന ശാസ്ത്രകോൺഗ്രസിൽ ഐ.ആർ.ടി.സി പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ അവതരിപ്പിച്ചു. ഐ.ആർ.ടി.സിയിലെ യുവ ഗവേഷകരും പങ്കെടുത്തു. നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ നബാർഡിന്റെ സുസ്ഥിര വികസന പദ്ധതി, അട്ടപ്പാടിയിലെ വാടി പ്രോജക്ട് തീരദേശത്തെ തീരമൈത്രി, കരിങ്കുളം പഞ്ചായത്തിന്റെ സമഗ്ര മാസ്റ്റർ പ്ലാൻ, പി.ഐ.യു വഴി ഏറ്റെടുത്ത 125ൽ അധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയെല്ലാം ഐ.ആർ.ടി.സി സാന്നിധ്യം സാമൂഹ്യതലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായമായിട്ടുണ്ട് ബയോഗ്യാസിലും കമ്പോസ്റ്റിംഗിലും, അവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സഹയകമായ മൈക്രോബിയൽ ഇനോകുലം വിജയകരമായി വികസിപ്പിക്കാൻ കഴിഞ്ഞത് ഈ വർഷത്തെ പ്രധാന നേട്ടമാണ്. അടിസ്ഥാന സൗകര്യ വികസനത്തിലും ലബോറട്ടറികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും കാര്യമായ മുന്നേറ്റം ഈ വർഷം ഉണ്ടായി. മൊത്തത്തിൽ ഐ.ആർ.ടി.സിക്ക് അഭിമാനപൂർവ്വം ഉയർത്തിപ്പിടിക്കാവുന്ന വളർച്ച കൈവരിക്കാൻ ഈവർഷം കഴിഞ്ഞു എന്നതിൽ നമുക്ക് സന്തോഷിക്കാം.*

*സ്നേഹപൂർവ്വം*

*ഡോ. എൻ. കെ. ശശിധരൻ പിള്ള*
*ഡയറക്ടർ*

## സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കൽ ഉദ്ഘാടനം

മുണ്ടൂർ പൊരിയാനി ദേശീയപാത മുതൽ ഐ.ആർ.ടി.സി ക്യാമ്പസ് വരെയുള്ള മലമ്പുഴ കനാൽ റോഡിൽ സൗരോർജ്ജ തെരുവു വിളക്കുകൾ സ്ഥാപിക്കൽ പദ്ധതി പൂർത്തികരിച്ചു. ബഹുമാനപ്പെട്ട പാലക്കാട് പാർലമെന്റ് മെമ്പർ ശ്രീ.എം.ബി. രാജേഷിന്റെ MPLADS 2016-2017 സ്കീമിൽ ഉൾപ്പെടുത്തിയാണ് പദ്ധതി പൂർത്തീകരിച്ചത്. എം.പിയുടെ പ്രാദേശിക വികസന

*(ശേഷം അടുത്ത പേജിൽ)*



സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കൽ ഉദ്ഘാടനം

ഫണ്ടിൽ നിന്നും 3 ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചത്. ഐ.ആർ.ടി.സി യാണ് ഈ പദ്ധതിനിർവഹണം നടത്തിയത്. ഈ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടന കർമ്മം 2018 ജനുവരി 15ന് ശ്രീ എം.ബി. രാജേഷ് എം.പി. നിർവഹിച്ചു. പാലക്കാട് ജില്ലാപഞ്ചായത്ത് മെമ്പർ അഡ്വ. കെ. രാധിക ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. ദിനേശ്, മുണ്ടൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി. പി.ആർ. ബിന്ദു, മുണ്ടൂർ ഗ്രാമപഞ്ചായത്ത് മെമ്പർ എം.കെ. സരസ്വതി, പാലക്കാട് ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി, ശ്രീ. കാസിം മാസ്റ്റർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ഐ.ആർ.ടി.സി. രജിസ്ട്രാർ ശ്രീ. പി.കെ. നാരായണൻ നന്ദി രേഖപ്പെടുതി.

## SCERT ദ്വിദിന ശില്പശാല

നിരന്തര വിലയിരുത്തൽ പഠന മാതൃക വികസിപ്പിക്കുന്നതിന്റെ ഭാഗമായി SCERTയുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കുള്ള ദ്വിദിന ശില്പശാല 2018 ജനുവരി 13, 14 തിയ്യതികളിൽ ഐ.ആർ.ടി.സിയിൽ നടന്നു. ഈ പരിശീലന പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നുള്ള 30 അദ്ധ്യാപകർ പങ്കെടുത്തു.



SCERT ദ്വിദിന ശില്പശാല

## ഹരിത കേരള മിഷൻ പരിശീലനം

ഹരിത കേരള മിഷന്റെ, നേതൃത്വത്തിൽ ഫെബ്രുവരി 14, 15 തിയ്യതികളിൽ മണ്ണ് ജലസംരക്ഷണം, മാലിന്യ സംസ്കരണം എന്നിവയിൽ പാലക്കാട് ജില്ലയിൽനിന്നു തെരെഞ്ഞെടുത്ത 50 പേർക്ക് ഐ.ആർ.ടി.സി. യിൽ പരിശീലനം നൽകി. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ വൈ. കല്ല്യാണ കൃഷ്ണൻ, ഐ.ആർ.ടി.സി. റിസർച്ച് കോർഡിനേറ്റർ പ്രൊഫ. ബി.എം. മുസ്തഫ, സയന്റിസ്റ്റ് ശ്രീ. ആർ. സതീഷ് തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## ആത്മ കർഷക പരിശീലനം

മരുതറോഡ് ഗ്രാമ പഞ്ചായത്തിലെ ATMA കർഷകർക്കായി ജലസംരക്ഷണം, കൂൺകൃഷി, മാലിന്യസംസ്കരണം എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കികൊണ്ട് ഏകദിന പരിശീലനം സംഘടിപ്പിച്ചു. മരുതറോഡ് ഗ്രാമ പഞ്ചായത്ത് കൃഷി ഭവന്റെ നേതൃത്വത്തിൽ 30 കർഷകരാണ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തത്. ഐ.ആർ.ടി.സി. റിസർച്ച് കോർഡിനേറ്റർ ബി.എം. മുസ്തഫ, അഡ്മിനിസ്ട്രേറ്റർ ഓഫീസർ എം. രാമചന്ദ്രൻ, എഞ്ചിനിയർ ആർ. രാഹുൽ എന്നിവർ ക്ലാസെടുത്തു.

## ബി.ഡി.ഒ മാരുടെ പഠന സന്ദർശനം

ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് കിലയിൽ നടന്ന പരിശീലന പരിപാടിയുടെ ഭാഗമായി 35 പേരടങ്ങുന്ന



ബിഡി.ഒ മാരുടെ പഠന സന്ദർശനം

ഒരു ടീം 2018 ജനുവരി 28ന് ഐ.ആർ.ടി.സി. സന്ദർശിച്ചു. പ്രദേശിക വികസനാസൂത്രണത്തിൽ ഐ.ആർ.ടി.സി.യുടെ വിവിധ പ്രവർത്തനങ്ങൾ കണ്ടു മനസിലാക്കുന്നതിനാണ് ഇവർ എത്തിയത്. ഐ.ആർ.ടി.സി.യിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡയറക്ടർ ഡോ. എൻ. കെ ശശിധരൻ പിള്ള വിശദീകരിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഐ.ആർ.ടി.സി. റിസർച്ച് കോർഡിനേറ്റർ, പ്രൊഫ. ബി.എം. മുസ്തഫ, രജിസ്ട്രാർ പി.കെ.നാരായണൻ എന്നിവർ സംസാരിച്ചു.

## ഹരിതകർമ്മ സേനകൾക്ക് പരിശീലനം

ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണ രീതികൾ പരിചയപ്പെടുത്തലും പരിശീലനവും നടന്നു. ഐ.ആർ.ടി.സി.യിൽ നിന്ന് ശ്രീ. ടി. ലളിതൻ, ശ്രീ ആർ. രാഹുൽ, ശ്രീ. സി. ആർ. രതീഷ് എന്നിവർ വിവിധ പഞ്ചായത്തുകളിൽ പരിശീലനത്തിനു നേതൃത്വം നൽകി. പുതുക്കോട്, വടക്കാഞ്ചേരി, കൊഴിഞ്ഞാമ്പാറ, പെരുമാട്ടി ഗ്രാമ പഞ്ചായത്തുകൾ, ചിറ്റൂർ മുനിസിപ്പാലിറ്റി എന്നിവടങ്ങളിലാണ് പരിശീലനങ്ങൾ നടന്നത്.

കൂടാതെ 20-തിലധികം പഞ്ചായത്തുകളിലെ ഹരിത സേനാംഗങ്ങൾ ഐ.ആർ.ടി.സി. സന്ദർശിക്കുകയും മാലിന്യ സംസ്കരണ ഉപാധികളും, രീതികളും, പരിചയപ്പെടുകയും ചെയ്തു.

## തണ്ണീർ പന്തൽ

ഐ.ആർ.ടി.സി ജൂബിലി ക്യാമ്പ





തണ്ണീർ പന്തൽ

സിലെ സമത വില്ലേജിൽ തണ്ണീർപന്തൽ ആരംഭിച്ചു. നന്നാറി സർബത്ത്, കരിമ്പ് ജൂസ്, സംഭാരം തുടങ്ങിയ ശീതള പാനീയങ്ങൾ തയ്യാറാക്കി നൽകുന്ന സമതയുടെ വനിതാ സംരഭമാണിത്.

## അട്ടപ്പാടി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് മത്സര പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനുള്ള പരിശീലനം

അട്ടപ്പാടി ഐ.ടി.ഡി.പിയുടെ സഹായത്തോടെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ തൊഴിൽ രഹിതർക്ക് മത്സര പരീക്ഷകൾക്ക്



അട്ടപ്പാടി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് മത്സര പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനുള്ള പരിശീലനം

തയ്യാറാക്കുന്നതിനായുള്ള പരിശീലന പരിപാടി ആരംഭിച്ചു. ഐ.ടി.ഡി.പി.യുടെ പരിധിയിലുള്ള പട്ടിക വർഗ്ഗ ഊരുകളിലെ 60 ബിരുദയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കാണ് ഈ പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ചായ, ഉച്ചഭക്ഷണം. യാത്രാചെലവ്

എന്നിവ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 4 മാസമാണ് പരിശീലന കാലയളവ്.

## വനിതകൾക്ക് മൊബൈൽ ആപ്പുകൾ, സേവനങ്ങൾ പരിചയപ്പെടുത്തൽ ശില്പശാല

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ വനിതകൾക്ക് മൊബൈൽ സാങ്കേതിക വിദ്യാ ശില്പശാല സംഘടിപ്പിച്ചു. 2018 മാർച്ച്



വനിതകൾക്കായുള്ള മൊബൈൽ ആപ്പുകൾ സേവനങ്ങൾ പരിചയപ്പെടുത്തൽ ശില്പശാല

30ന് ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിൽ നടന്ന ഏകദിന ശില്പശാല ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ. ബി.എം. മുസ്തഫ ഉദ്ഘാടനം ചെയ്തു. പാലക്കാട് ബ്ലോക്കിലെ വിവിധ കുടുംബശ്രീ വനിതാ യൂണിറ്റുകളിൽ നിന്നും 50 ഓളം വനിതകൾ ശില്പശാലയിൽ പങ്കെടുത്തു. മൊബൈൽ വഴി സാധ്യമാവുന്ന ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തി. ഐ.ആർ.ടി.സി എനർജി ഡിവിഷനിലെ എഞ്ചിനീയർമാരായ ശ്രീ.കെ. ഇന്ദ്രജിത്ത്, പി.വി.ഐശ്വര്യ, പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. പി.സി.ഷിന്റോൺ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

## ലോക തണ്ണീർത്തട ദിനാചരണം

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ഐ.ആർ.ടി.സി ലോകതണ്ണീർത്തട ദിനം സമുചിതമായി ആചരിച്ചു. ജില്ലാ ഹരിത കേരള മിഷൻ, ഭാരത പുഴ സംരക്ഷണ സമിതി,



ലോക തണ്ണീർത്തട ദിനാ ചരണം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെ സംയുക്ത സഹകരണത്തോടെ 2018 ഫെബ്രുവരി 7,8 തിയ്യതികളിൽ ശില്പശാലയും ഫീൽഡു സന്ദർശനവും നടന്നു.

ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ.ബി.എം.മുസ്തഫ, റിസർച്ച് അഡ്വൈസറി കമ്മിറ്റി മെമ്പർ ഡോ.വാസുദേവൻ പിള്ള, ജില്ലാ ജൈവവൈവിധ്യ ബോർഡ് കോർഡിനേറ്റർ, ഡോ. ഉമ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന സെക്രട്ടറി ശ്രീ. കെ. വി. സാബു തുടങ്ങിയവർ തണ്ണീർ ത്തട സന്ദർശനത്തിനും ക്ലാസുകൾക്കും നേതൃത്വം നൽകി. പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. നിഖിൽ സുധീഷ് നന്ദി രേഖപ്പെടുത്തി.

## ജൈവ കീടനാശിനി നിർമ്മാണം

നബാർഡ് സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി 2018 ഫെബ്രുവരി 10, 11 തിയ്യതികളിലായി ജൈവ കീടനാശിനി

നിർമ്മാണപരിശീലനം നടത്തി. നബാർഡ് പാലക്കാട് ജില്ലാ വികസന ഓഫീസർ ശ്രീ. രമേഷ് വേണുഗോപാൽ. ഉദ്ഘാടനം നിർവഹിച്ചു. ഐ.ആർ.ടിസി രജിസ്ട്രാർ, പി.കെ.



ശ്രീ. രമേഷ് വേണുഗോപാൽ നബാർഡ് ഡി. ഡി. എം. പാലക്കാട് ഉദ്ഘാടനം നിർവഹിക്കുന്നു.

നാരായണൻ അദ്ധ്യക്ഷത വഹിച്ചു. ഐ. ആർ. ടി. സി സയന്റിസ്റ്റ് ശ്രീ. ആർ. സതീഷ് പദ്ധതി വിശദീകരണം നൽകി. ജൈവകൃഷി, ജൈവകീടാനാശിനി നിർമ്മാണ രീതികളും പരിചയപ്പെടുത്തിക്കൊണ്ട് ശ്രീ.സുരേഷ് ഹരിതകം ക്ലാസെടുത്തു. 22 നീർത്തടങ്ങളിൽ



ശ്രീ.സുരേഷ് ജൈവ കീടനാശിനി നിർമ്മാണത്തിൽ പരിശീലനം നൽകുന്നു.

നിന്നായി 45 കർഷകർ പങ്കെടുത്തു.

ജൈവ പച്ചക്കറി വ്യാപനം സാധ്യമക്കുന്നതിന് ആവശ്യമായ ജൈവകീടനാശിനികളും വളങ്ങളും സ്വയം നിർമ്മിക്കുന്നതിനുള്ള പ്രായോഗിക പരിശീലനവും ഇതിന്റെ ഭാഗമായി നൽകി.

## ദേശീയ ശാസ്ത്ര ദിനാചരണം

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ഐ.ആർ.ടി.സി ദേശീയ ശാസ്ത്രദിനം ആഘോഷിച്ചു. പരിപാടിയുടെ ഭാഗമായി ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും ഐ.ആർ.ടി.സിയിൽ എത്തി. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ പ്രോജക്ടുകൾ ചെയ്യാൻ കഴിയുന്ന സ്വതന്ത്ര സാങ്കേതിക വിദ്യയായ അർഡിനോ ബോർഡുകളെക്കുറിച്ചും അവയുടെ പ്രോഗ്രാമുകളും ഉപയോഗിക്കാവുന്ന സെൻസറുകളും പരിചയപ്പെടുത്തികൊണ്ട് ഐ.ആർ.ടി.സിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർ ശ്രീ.കെ.ഇന്ദ്രജിത്ത് ക്ലാസ് എടുത്തു. തുടർന്ന് ഐ.ആർ.ടി.സി ക്യാമ്പസും വിവിധ



ദേശീയ ശാസ്ത്ര ദിനാചരണം

പ്രോജക്ടുകളും ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ.ബി.എം.മുസ്തഫ പരിചയപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയും വിദ്യാർത്ഥികൾ ക്യാമ്പസ് സന്ദർശിക്കുകയും ചെയ്തു.

## കേരള ശാസ്ത്ര കോൺഗ്രസ്

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥി തി കൗൺസിലിന്റെ അഭിമുഖ്യത്തി ൽ 30-ാം മത് കേരള സയൻസ് കോൺഗ്രസ്



കേരള ശാസ്ത്ര കോൺഗ്രസ്

ജനുവരി 26 മുതൽ 30 വരെ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ വച്ച് നടന്നു. ഐ.ആർ.ടി.സി. പ്രതിനിധികളായി സി. ചിഞ്ചു, സൂര്യ എസ്., ഫാത്തിമ നഷ്വ, അഞ്ജു ബി., നിഖിൽ സുധീഷ്, പാർവതി, എന്നിവർ സയൻസ് കോൺഗ്രസിൽ പങ്കെടുത്തു.

കൂടാതെ ഐ.ആർ.ടി.സി. പ്രദർശന സ്റ്റാൾ സയൻസ് കോൺഗ്രസ്സിന്റെ ഭാഗമായി ഒരുക്കിയിരുന്നു. രങ്കസ്വാമി ആർ., ഇസ്മായിൽ എന്നിവർ ഐ.ആർ.ടി.സി. വികസിപ്പിച്ച നവീന സാങ്കേതിക വിദ്യകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി.

## അഖിലേന്ത്യാ പീപ്പിൾ സയൻസ് കോൺഗ്രസ്സ്

16-ാം അഖിലേന്ത്യാ പീപ്പിൾ സയൻസ് കോൺഗ്രസ്സ് ഒഡീഷയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആന്റ് റിസർച്ച്, ഭുവനേശ്വറിൽ വെച്ച് നടന്നു. ഇതിന്റെ ഭാഗമായി ഐ.ആർ.ടി.സി. പ്രദർശനസ്റ്റാൾ ഒരുക്കിയിരുന്നു. ഐ.ആർ.ടി.സി.യുടെ ശാസ്ത്ര സാങ്കേതിക വിദ്യാ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണ രംഗത്തെ പുതിയ



അഖിലേന്ത്യാ പീപ്പിൾ സയൻസ് കോൺഗ്രസ്സിലെ പ്രദർശന സ്റ്റാൾ

സാങ്കേതികവിദ്യകൾ എന്നിവ ഇതിന്റെ ഭാഗമായി പരിചയപ്പെടുത്തി ഐ.ആർ.ടി.സി. എഞ്ചിനിയർമാരായ രങ്കസ്വാമി ആർ., സിനുദാസ് എന്നിവർ നേതൃത്വം നൽകി.

## ലാറി ബെക്കറിന്റെ 100-ാം ജൻമദിന ആഘോഷം

ലാറി ബെക്കറിന്റെ 100-ാം ജൻമദിന ആഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം കനകകുന്നിൽ വെച്ച് നടന്ന എക്സിബിഷനിൽ ഐ.ആർ.ടി.സി.യുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു. ഡോ.



ലാറി ബെക്കറിന്റെ 100-ാം ജൻമദിന ആഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം കനകുന്നിൽ വെച്ച് നടന്ന എക്സിബിഷൻ

ലളിതാംബിക, രങ്കസ്വാമി ആർ., ഇന്ദ്രജിത്ത് കെ. എസ്. സുഭേഷ് എന്നിവർ പങ്കെടുത്തു.

## പുതിയ പ്രോജക്ടുകൾ:

### 1. തിരൂർ പൊന്നാനി പുഴ സംരക്ഷണ പദ്ധതി

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായ തീരൂർ പൊന്നാനി പുഴ സംരക്ഷണം ഡി.പി.ആർ. തയ്യാറാക്കൽ പ്രവർത്തനങ്ങൾ തുടങ്ങി. തൃപ്പങ്ങോട്, ചെറിയമുണ്ടം, വെട്ടം, തലക്കാട്, പുറത്തൂർ ഗ്രാമപഞ്ചായത്തുകളും, തിരൂർ മുനിസിപ്പാലിറ്റിയും ഉൾപ്പെട്ടതാണ് 48 കി.മി നീളമുള്ള തിരൂർ പൊന്നാനി പുഴയുടെ നീർത്തടപ്രദേശം. ഈ പ്രദേശത്തെ മണ്ണുജല ജൈവ സംരക്ഷണവും മാലിന്യ സംസ്കരണ രീതികളും ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടാണ്

ഐ.ആർ.ടി.സി തയ്യാറാക്കുന്നത്. ഇതിൽ, തൃപ്പങ്ങോട്, മംഗലം ഗ്രാമപഞ്ചായത്തുകളുടെ നീർത്തട മാസ്റ്റർപ്ലാൻ പ്രവർത്തനം പഞ്ചായത്ത് പദ്ധതി വഴി തുടങ്ങി കഴിഞ്ഞു. തിരൂർ മുനിസിപ്പാലിറ്റിക്കായി പ്രത്യേക പ്രൊപ്പോസൽ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

**2. തിരുനവായ, കടപ്പുറം ഗ്രാമപഞ്ചായത്തുകളുടെ, നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ** പ്രവർത്തനം തുടങ്ങി.

**3. തിരുവനന്തപുരം കരിങ്കുളം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ** പ്രവർത്തനം പുരോഗമിക്കുന്നു.

**4. ചക്ക, മാങ്ങ, പപ്പായ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉപയോഗക്ഷമതയും പ്രചരണവും,** കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE) തിരുവനന്തപുരം.

**5. മൺപാത്ര നിർമ്മാണം ക്ലസ്റ്ററുകൾ/ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കൽ:** കരകൗശല കമ്മീഷണറേറ്റ്, കേന്ദ്ര ടെക്സ്റ്റൈയിൽസ് മന്ത്രാലയം, ന്യൂഡൽഹി.

**6. ഫോൾഡ്സ്കോപ്പിലൂടെ സൂക്ഷ്മ ജീവികളെ കണ്ടെത്തലും നിർണ്ണയവും:** കേന്ദ്ര ശാസ്ത്രാസാങ്കേതിക വകുപ്പ്. ബയോടെക്നോളജി വിഭാഗം ന്യൂഡൽഹി.

**7. വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ മുതലമൂർഖൻ കടവ് ടൂറിസം-ബോട്ടിംഗ് സാധ്യതാപഠനം:** വെള്ളിനേഴി ഗ്രാമപഞ്ചായത്ത് പാലക്കാട്.

**8. അലനല്ലൂർ ഗ്രാമപഞ്ചായത്ത് വെള്ളച്ചാട്ടപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി സാധ്യതാ പഠനം:** അലനല്ലൂർ ഗ്രാമപഞ്ചായത്ത് പാലക്കാട്.

## മാലിന്യ പരിപാലന പ്രവർത്തന മികവിനുള്ള ഏഷ്യാ-പസഫിക് അവാർഡ് ഐ.ആർ.ടി.സി.യ്ക്ക്

ഏഷ്യാ പസഫിക് 8-ാമത് റീജ്യണൽ ത്രീആർ ഫോറത്തിന്റെ സിവിൽ സൊസൈറ്റി ഓർഗനൈസേഷനുള്ള സംസ്ഥാന തല മാലിന്യ സംസ്കരണ പ്രവർത്തന മികവി നുള്ള അവാർഡ് ഐ.ആർ.ടി.സിയ്ക്ക് ലഭിച്ചു. മധ്യപ്രദേശിലെ ഇൻഡോറിൽ ഏപ്രൽ 9 മുതൽ 12 വരെ നടന്ന ഏഷ്യാ പസഫിക് 3R കോൺഫറൻ സിൽ വെച്ച് ബഹു. മധ്യപ്രദേശ് നഗരകാര്യ മന്ത്രി ശ്രീമതി. മായാസിംഗ് അവാർഡ് സമ്മാനി




മാലിന്യ പരിപാലന പ്രവർത്തന മികവിനുള്ള ഏഷ്യാ-പസഫിക് അവാർഡ് ഏറ്റുവാങ്ങുന്നു.

ച്ചു. ഐ.ആർ.ടി.സിക്കു വേണ്ടി രജിസ്ട്രാർ ശ്രീ. പി.കെ.നാരായണൻ, ഡയറക്ടർ ഇൻചാർജ് പ്രൊഫ. ബി.എം. മുസ്തഫ എന്നിവർ അവാർഡ് ഏറ്റുവാങ്ങി.



This document was created with the Win2PDF “print to PDF” printer available at
http://www.win2pdf.com

This version of Win2PDF 10 is for evaluation and non-commercial use only.

This page will not be added after purchasing Win2PDF.

http://www.win2pdf.com/purchase/